# 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 714** **17-09-2025 - ൽ മറുപടിയ്ക്ക്**

## ആർ. ഡി. എസ്. എസ് .വിതരണ ശൃംഖല നവീകരണ പദ്ധതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ പി എസ് സുപാൽ</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ആർ. ഡി. എസ്. എസ്. വിതരണ ശൃംഖല നവീകരണ പദ്ധതിയിലേക്ക് പുനലൂർ മണ്ഡലത്തിൽ നിന്നും പ്രസരണ/വിതരണ വിഭാഗത്തിന് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ;</td><td>(എ)</td><td>ആർ.ഡി.എസ്.എസ്. വിതരണ ശൃംഖല നവീകരണ പദ്ധതിയിലേക്ക് പുനലൂർ മണ്ഡലത്തിൽ നിന്നും പ്രസരണ വിഭാഗത്തിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുവാൻ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾക്ക് അനുമതി ആയിട്ടില്ല.<br><br>ആർ.ഡി.എസ്.എസ് വിതരണ ശൃംഖല നവീകരണ പദ്ധതിയിലെ പുനലൂർ മണ്ഡലത്തിലുള്ള വിതരണ വിഭാഗത്തിലെ രണ്ടാം ഘട്ട പദ്ധതികളുടെ പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി 01.03.2022-ൽ പവർ ഫിനാൻസ് കോർപ്പറേഷന് (പി എഫ് സി) സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>പദ്ധതിയിലുൾപ്പെടുത്തിയ 11 കെ.വി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി ഏതൊക്കെ സെക്ഷനുകളുടെ പരിധിയിൽ ഏതൊക്കെ പ്രദേശത്ത് ആണ് അനുവദിച്ചിരിയ്ക്കുന്നതെന്നും ആയതിന്റെ നിലവിലെ പുരോഗതിയും അറിയിക്കുമോ;</td><td>(ബി)</td><td>ആർ.ഡി.എസ്.എസ് ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ 11 കെ.വി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>നിലവിൽ ഈ വർക്കുകളുടെ വർക്ക് ഓർഡറുകൾ കോൺട്രാക്ടർക്ക് നൽകിയിട്ടുള്ളതും ഈ വർക്കുകൾക്ക് വേണ്ട സാധനസാമഗ്രികൾ സംഭരണ ഘട്ടത്തിലുമാണ്.<br><br>
<table>
<tr><th>ക്രമ. നം.</th><th>പ്രവൃത്തിയുടെ പേര്</th><th>സെക്ഷൻ</th><th>കിലോമീറ്റ</th></tr>
<tr><td>1</td><td>ഇടക്കാട് മുതൽനാഗമല വരെ – 11 കെ.വി യു.ജി കേബിൾ സ്ഥാപിക്കൽ</td><td>തെന്മല</td><td>2.246</td></tr>
<tr><td>2</td><td>തെന്മല സബ് സ്റ്റേഷൻമുതൽകുറവക്കാട് വരെ - 11 കെ.വി. യുജി കേബിൾ സ്ഥാപിക്കൽ</td><td>കുളത്തുപ്പുഴ</td><td>5.005</td></tr>
<tr><td></td><td></td><td>ആകെ</td><td>7.251</td></tr>
</table>
<br>ആർ.ഡി.എസ്.എസ് ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ 11 കെ.വി റീകണ്ടക്ടറിംഗ് പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.<br><br>നിലവിൽ ഈ വർക്കുകളുടെ വർക്ക് ഓർഡറുകൾ കോൺട്രാക്ടർക്ക് നൽകിയിട്ടുള്ളതും ഈ വർക്കുകൾക്ക് വേണ്ട സാധനസാമഗ്രികൾ സംഭരണ</td></tr>
</table>

| | | | |
|---|---|---|---|
| | | | ഘട്ടത്തിലുമാണ്.<br><br>ആർ.ഡി.എസ്.എസ്. ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയതും പൂർത്തിയായതുമായ 11 കെ.വി. റീകണ്ടക്ടറിംഗ് പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) | അച്ചൻകോവിൽ പ്രദേശത്തെ വൈദ്യുതി തടസ്സം പരിഹരിയ്ക്കുന്നതിനായി, അരുവാപ്പലം പഞ്ചായത്തിലെ ആവണിപ്പാറ വഴി പുതിയ വൈദ്യുതി ലൈൻ സ്ഥാപിയ്ക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ആയതിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള പ്രൊപോസലുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | അച്ചൻകോവിൽ പ്രദേശത്തെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനായി അരുവാപ്പലം പഞ്ചായത്തിലെ ആവണിപ്പാറ മുതൽ അച്ചൻകോവിൽ ഡി.എഫ്.ഒ വരെ 11 കെ.വി യു.ജി കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ഉദ്ദേശം 288 ലക്ഷം രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രൊപ്പോസലുകളുടെ പകർപ്പ് അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

| ക്രമ നം | പ്രവർത്തിയുടെ പേര് | സെക്ഷൻ | കിലോമീറ്റർ |
|---|---|---|---|
| 1 | റേഷൻഷോപ്പ് മുതൽ കോവിൽ വരെ 11 കെ.വി എ.ബി കേബിൾ സ്ഥാപിക്കൽ | വാളകം | 0.91 |
| 2 | അമ്പലത്തും വിള, പെരുമണ്ണൂർ, പെരുമണ്ണൂർ കോവിൽ ചിറ പുന്നക്കാട് ക്രഷർ, വെള്ളൂർ എന്നിവിടങ്ങളിൽ11 കെ.വി എ.ബി കേബിൾ സ്ഥാപിക്കൽ | വാളകം | 6.614 |
| 3 | പുത്തുതടം മുതൽ മണലിൽ വരെ 11 കെ.വി എ.ബി കേബിൾ സ്ഥാപിക്കൽ | കരവാളൂർ | 3.48 |
| 4 | 1 ആയിരനെല്ലൂർ മുതൽ RPL വരെ 11 കെ.വി എ.ബി കേബിൾ സ്ഥാപിക്കൽ | കരവാളൂർ | 5.394 |
| 5 | വിളക്കുപ്പാറ മുതൽ മുഴത്താങ്ങ് വരെ 11 കെ.വി എ.ബി കേബിൾ സ്ഥാപിക്കൽ | അഞ്ചൽഈസ്റ്റ് | 2.194 |
| | | ആകെ | 18.592 |

അനുബന്ധം (2)

| ക്രമ നം. | പ്രവർത്തിയുടെ പേര് | സെക്ഷൻ | കിലോമീറ്റർ |
|---|---|---|---|
| 1 | കല്ലാർ മുതൽ ഉപ്പ് കുഴി വരെ 11 കെ.വി കവേഡ് കണ്ടക്ടർ സ്ഥാപിക്കൽ | പുനലൂർ | 8.67 |
| 2 | വിളക്കുപ്പാറ മുതൽ കമ്പകത്തടം വരെ 11 കെ.വി കവേഡ് കണ്ടക്ടർ സ്ഥാപിക്കൽ | അഞ്ചൽ ഈസ്റ്റ് | 3.04 |
| 3 | അയിലറ ഗുരുമന്ദിരം മുതൽ മുഴത്താങ്ങ് വരെ 11 കെ.വി കവേഡ് കണ്ടക്ടർ സ്ഥാപിക്കൽ | അഞ്ചൽ ഈസ്റ്റ് | 4.07 |
| 4 | അയിലറ ഗുരുമന്ദിരം മുതൽ കുമാരഗിരി വരെ 11 കെ.വി കവേഡ് കണ്ടക്ടർ സ്ഥാപിക്കൽ | അഞ്ചൽ ഈസ്റ്റ് | 5.625 |
| 5 | മാർക്കറ്റ് മുതൽകാള ചന്ത വരെ 11 കെ.വി കവേഡ് കണ്ടക്ടർ സ്ഥാപിക്കൽ | അഞ്ചൽ വെസ്റ്റ് | 0.577 |
| | | ആകെ | 21.982 |

അനുബന്ധം 3

Sheet1

# Work proposals of : Thenmala Electrical Section

| Sl No | Electrical Section | Name of Work | Work Code | Work Type | Execution Status | Revision Status | Action Pending @ | Tasks Included | Quantity | Unit | Plan Year | Priority | Area | Constituency | Amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 41 | Electrical Section Thenmala | LAYING HT UG CABLE FROM AVANIPPARA TO ACHANKOVIL DFO TR FOR INTERLINKING PIRAVANTHOOR &THENMALASECT (Ref Id : 5577) | | HT | To be scheduled | | | Constructing 11 kV Line with UG Cable 300 sq mm by open trench [ Task Code : 1001 ] | 8 | km | 2025-26 | High | Hilly Terrains | Punalur | 28861735 |